ത്തിലെ വികലാംഗർക്ക് ഉണ്ടായിരിക്കുന്നത്. ജില്ലാ മെഡിക്കൽ ബോർഡാണ് സർട്ടിഫിക്കറ്റ് നൽകേണ്ടത്. ഉദാഹരണത്തിന് പത്തനംതിട്ട ജില്ലാ മെഡിക്കൽ ബോർഡ് രണ്ടുമാസമായി സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടേയില്ല. ഈ സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലം അംഗവൈകല്യമുള്ളവരുടെ എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. പകരം സംവിധാനം അടിയന്തിരമായി ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, മെഡിക്കൽ കോളേജുകൾ നിലവിലുള്ള ജില്ലകളിൽ മെഡിക്കൽ കോളേജ് ആശുപത്രികളിലും മറ്റ് ജില്ലകളിൽ ജില്ലാ ആശുപത്രികളിലുമാണ് ഇത്തരം മെഡിക്കൽ ബോർഡുകൾ പ്രവർത്തിച്ചുവരുന്നത്. ഇടുക്കിയിൽ ഒരു താലൂക്കാശുപത്രിയിലും. ഈ ബോർഡുകൾ സമയാസമയങ്ങളിൽ കൂടുന്നില്ല എന്ന് പരാതി കിട്ടാറുണ്ട്. ചിലപ്പോൾ ബോർഡ് മെമ്പർമാരുടെ വീഴ്ച, പോസ്റ്റിംഗ് വേക്കൻസി തുടങ്ങിയ കാര്യങ്ങളും ഉണ്ടാകാറുണ്ട്. ഇത് പരിഹരിക്കാനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇപ്പോൾ ജില്ലാ ബോർഡുകളിൽ ധാരാളം അപേക്ഷകൾ കെട്ടിക്കിടക്കുന്നു. വളരെ നീണ്ട ക്യൂവാണ്. വികലാംഗരെ സംബന്ധിച്ചിടത്തോളം ഇത് ഒരു പ്രശ്നമാണ്, അവർ ഇക്കാര്യത്തിന് ബഹളമൊക്കെ ഉണ്ടാക്കുന്നുണ്ട്. ഇതിന് പരിഹാരം കാണാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന ബോർഡുകളുടെ മീറ്റിംഗ് വിളിച്ചുകൂട്ടാനും ആവശ്യമായത് കൂടുതൽ പ്രവർത്തനം നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ വികലാംഗരുടെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ഗവൺമെന്റ് ശ്രമിക്കുകയും ചെയ്യുമെന്ന് ഉറപ്പു നൽകുന്നു.

V. റിപ്പോർട്ട് സമർപ്പണം

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും IV-ാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷയുമായ ഞാൻ 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 30-ാമതു റിപ്പോർട്ടു സമർപ്പിക്കുന്നു.

VI നിയമനിർമ്മാണകാര്യം

ബില്ലുകളുടെ അവതരണവും സെലക്ട് കമ്മിറ്റിയ്ക്ക് /സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 1999-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ†

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, 1999-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ ഞാൻ അവതരിപ്പിക്കുന്നു.

---

† അനുബന്ധം 19

LIBRARY ARCHIVES Kerala Legislative Assembly